**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5036 15.11.2019 ലെ മറുപടിക്ക്**

**ഏലം കയറ്റുമതി സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) ഏലം കയറ്റുമതി ചെയ്യുമ്പോൾ അതിൽ കീടനാശിനികളുടെ അമിതമായ അളവ് കണ്ടെത്തുന്നതിനെ തുടർന്ന് തിരികെ അയയ്ക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) ഉണ്ട്. 2018 ഏപ്രിൽ മെയ് മാസങ്ങളിൽ കേരളത്തിൽ നിന്നും കയറ്റി അയച്ച ഏലത്തിൽ കീടനാശിനിയുടെ അവശിഷ്ട പരിധി അളവ് അനുവദനീയമായതിനേക്കാൾ കൂടുതൽ ആണെന്ന് സൗദി അറേബ്യയുടെ ഫുഡ് ആന്റ് ഡ്രഗ് അതോറിറ്റിയുടെ (SFDA) പരിശോധനയിൽ കണ്ടെത്തിയ സാഹചര്യത്തിൽ ഏതാനും ചില കൺസൈൻമെന്റുകൾ തടഞ്ഞു വച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ ഏലം കൃഷി കീടനാശിനി വിമുക്തമാക്കുന്നതിനും ശാസ്ത്രീയ മാർഗങ്ങൾ അവലംബിച്ച് കൃഷി നടത്തുന്നതിനും കർഷകരെ പ്രോത്സാഹിക്കുവാൻ കൃഷിവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) ഇടുക്കി ജില്ലയിൽ മുഖ്യമായി ഏലകൃഷി ചെയ്യുന്ന ഗ്രാമങ്ങളിൽ സ്പൈസ് ക്ലിനിക് പദ്ധതികൾ, ജൈവ കീടനിയന്ത്രണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുകയും സമഗ്ര കീടനിയന്ത്രണ ക്യാമ്പുകൾ(IPM) സംഘടിപ്പിക്കുകയും ചെയ്തിരുന്നു.<br>2019 സെപ്റ്റംബർ മാസം കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ ഏലം കയറ്റുമതിക്കാരെയും സമഗ്ര കീട നിയന്ത്രണ മാർഗ്ഗങ്ങൾ (IPM) അവംലബിച്ച് കൃഷി നടത്തുന്ന ഏലം കർഷകരെയും കർഷകഗ്രൂപ്പുകളെയും പങ്കെടുപ്പിച്ച് കൊണ്ട് സ്പൈസസ് ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ബയർ-സെല്ലർ മീറ്റ് (Buyer-Seller Meet) നടത്തിയിരുന്നു. ഇത് ഏലം കർഷകർക്ക് സമഗ്ര കീട നിയന്ത്രണ മാർഗ്ഗങ്ങൾ (IPM) അവലംബിക്കുവാൻ |

| | |
|---|---|
| | വലിയൊരു പ്രചോദനം ആവുകയും ചെയ്തിട്ടുണ്ട്. സൗദി അറേബ്യയുടെ ഫുഡ് ആന്റ് ഡ്രഗ് അതോറിറ്റിയുടെ പരിശോധനയിൽ കണ്ടെത്തിയ പരമാവധി കീടനാശിനി അവശിഷ്ട പരിധി സംബന്ധിച്ചുള്ള വിവരങ്ങൾ ഇന്ത്യൻ എംബസിയുടെ സഹായത്തോട് കൂടി സ്പൈസസ് ബോർഡ് ശേഖരിക്കുകയും എസ്.എഫ്.ഡി.എ സ്റ്റാൻഡേർഡ്സ് അനുസരിച്ചുള്ള ഗുണമേൻമ പരിശോധനയ്ക്കുള്ള പ്രോട്ടോക്കോൾ തയ്യാറാക്കുകയും ചെയ്ത് വരുന്നു. |

**ഡെപ്യൂട്ടി സെക്രട്ടറി**